ക്രമ നമ്പർ	ജില്ലയുടെ പേർ	അനുവദിച്ച സ്ഥാപനങ്ങളുടെ എണ്ണം	സാമ്പത്തിക സഹായം തുക (രൂപ ലക്ഷത്തിൽ)
(1)	(2)	(3)	(4)
1.	തിരുവനന്തപുരം	412	619.39
2.	ആലപ്പുഴ	275	656.43
3.	തൃശ്ശൂർ	269	545.32
4.	മലപ്പുറം	186	322.04
5.	കണ്ണൂർ	184	307.14
6.	കൊല്ലം	518	615.63
7.	കോട്ടയം	200	347.61
8.	ഇടുക്കി	42	37.81
9.	എറണാകുളം	613	1350.89
10.	പാലക്കാട്	69	116.03
11.	കോഴിക്കോട്	385	403.69
	ആകെ	3153	5322.18

പുതിയ അഡീഷണൽ ജില്ലാ ട്രഷറി/സബ് ട്രഷറികൾ

147 [212] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പുതുതായി ആരംഭിച്ച അഡീഷണൽ ജില്ലാ ട്രഷറിയുടെ അധികാരപരിധിയിൽ വരുന്ന സബ് ട്രഷറികൾ ഏതെല്ലാം;

(ബി) ഈ അഡീഷണൽ ട്രഷറിയുടെ ആസ്ഥാനം താലൂക്ക് ആസ്ഥാനമായ നെയ്യാറ്റിൻകര ടൗണിൽ സ്ഥാപിക്കാത്തതിന്റെ കാരണം എന്താണ്;

(സി) അധികാരപരിധിയുടെ കേന്ദ്രസ്ഥാനമായ നെയ്യാറ്റിൻകര ടൗണിൽ ഇത് മാറ്റി സ്ഥാപിക്കുവാൻ വേണ്ട നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ പുതുതായി ആരംഭിക്കാൻ പോകുന്ന അഡീഷണൽ ജില്ലാ ട്രഷറിയുടെ അധികാരപരിധിയിൽ താഴെ പറയുന്ന സബ് ട്രഷറികൾ ഉൾപ്പെടുന്നതാണ്:—

1. പാറശ്ശാല സബ് ട്രഷറി
2. നെയ്യാറ്റിൻകര സബ് ട്രഷറി
3. വിഴിഞ്ഞം സബ് ട്രഷറി
4. നെടുമങ്ങാട് സബ് ട്രഷറി
5. കാട്ടാക്കട സബ് ട്രഷറി

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാട്ടാക്കടയിൽ സ്ട്രോംഗ് റൂം, കൗണ്ടർ മുതലായ സൗകര്യങ്ങളോടുകൂടിയതും ജില്ലാ ട്രഷറിയിലെ ജീവനക്കാർക്ക് ഇരുന്ന് ജോലി ചെയ്യത്തക്കവണ്ണമുള്ള സ്ഥലസൗകര്യത്തോടുകൂടിയതുമായ സർക്കാർ വക കെട്ടിടം ഉണ്ട്. എന്നാൽ ഇത്രമാത്രം സൗകര്യപ്രദമായ ഒരു കെട്ടിടം നെയ്യാറ്റിൻകര ടൗണിൽ ലഭ്യമല്ല. ഈ കാരണങ്ങളാലാണ് അഡീഷണൽ ജില്ലാ ട്രഷറിയുടെ ആസ്ഥാനം കാട്ടാക്കടയായിത്തന്നെ തീരുമാനിച്ചത്.

(സി) നെയ്യാറ്റിൻകര ടൗണിലേക്ക് അഡീഷണൽ ജില്ലാ ട്രഷറിയുടെ ആസ്ഥാനം മാറ്റി സ്ഥാപിക്കുവാൻ മേൽപറഞ്ഞ കാരണങ്ങളാൽ സാദ്ധ്യമാവുകയില്ല.

പുതിയ ട്രഷറികൾ തുടങ്ങാനുള്ള മാനദണ്ഡം

148 [213] ശ്രീ. കെ. സുകുമാരനുണ്ണി: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി ട്രഷറി തുടങ്ങാൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിക്കുന്നത്?

ഉത്തരം

പൊതുജനങ്ങളുടെ സൗകര്യം, നിലവിലുള്ള സബ് ട്രഷറികളിൽനിന്നും ഉള്ള ദൂരം, അദ്ധ്വാനഭാരം, ഡ്രായിംഗ് ഓഫീസേഴ്സിന്റെ എണ്ണം, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്നും ഉള്ള സാമ്പത്തിക സഹകരണം.

സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് കെട്ടിടനിർമ്മാണവായ്പ

149 [214] ശ്രീ. പി. ബാലൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെട്ടിടനിർമ്മാണ സാധനങ്ങളുടെ വിലവർദ്ധനവ് കണക്കിലെടുത്ത് വീടുവയ്ക്കാൻ സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് ഇപ്പോൾ നൽകിവരുന്ന തുക മുപ്പതിനായിരത്തിൽനിന്നും അൻപതിനായിരമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഭവനനിർമ്മാണവായ്പക്കുള്ള അപേക്ഷകരുടെ ബാഹുല്യവും ബഡ്ജറ്റ് വിഹിതത്തിന്റെ അപര്യാപ്തതയും മൂലം ഈ ഇനത്തിൽ ഇപ്പോൾ നൽകിവരുന്ന വായ്പതുക വർദ്ധിപ്പിക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ നിർബന്ധിതനിക്ഷേപ സംഖ്യ

150 [215] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ നിർബന്ധിതനിക്ഷേപ സംഖ്യ തിരിച്ചുകൊടുത്തിട്ടില്ല എന്ന ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly